# സഞ്ചാരീ... വിട

**എ.കെ. മുഹമ്മദാലി** (54). കൊടുങ്ങല്ലൂർ ഏറിയാട് പേബസാറിൽ ജനിച്ച് നാടും കാടും പല പ്രാവശ്യം ഹിമാലയവും താണ്ടിയ ഈ സഞ്ചാരി ഫെബ്രുവരി 10ന് വാഹനം തട്ടി മരിച്ചു. നിരന്തരം യാത്രകളിലായിരുന്നു മമ്മാലി. 1985 ലെ പശ്ചിമഘട്ട രക്ഷായാത്രയിലും 'സാരംഗിലും' പ്രകൃതിപരിപാടികളിലും ഒക്കെയായി മുഹമ്മദാലിയെ ഓർക്കുന്നവർ ധാരാളം ഉണ്ടാകും. പ്രകൃതിയോട് ഏറ്റവും അടുത്ത ജീവിതം. നിത്യയാത്രക്കാരൻ. സഹജ ഭക്ഷണം. നർമ്മബോധത്തോടെ അലയൽ. ഏറെ സഞ്ചരിച്ച മമ്മാലിയെ മറ്റൊരു 'കാടൻ' യാത്രക്കാരനും സുഹൃത്തുമായ **എൻ.എ. നസീർ** ഓർക്കുന്നു.

മരണത്തോടെ ഒന്നും അവസാനിക്കുന്നില്ല. പ്രത്യേകിച്ച് ഒരുപണിയും ചെയ്യാത്ത, ഒന്നും അവശേഷിപ്പിക്കാത്ത, ആനന്ദത്തിൽ തുടർന്ന, വഴിതെറ്റാത്ത ആ യാത്രക്കാരന്റെ അപൂർവ്വ ജീവിതം നമുക്ക് പലതും നല്കുന്നില്ലേ?

**കാഴ്ചയുടേയും** കേൾവിയുടേയും മുന്നിൽ നിന്നും ആ പ്രിയ സുഹൃത്ത് ഇവിടെ ഒന്നും ശേഷിപ്പിക്കാതെ കടന്നുപോയി. ഇനി വിരലിൽ എണ്ണാവുന്ന ചിലരിൽ മാത്രം ഒരു ഓർമ്മയായി അയാൾ ഇടക്കിടെ കടന്നു വരാം. ഏറെ പേരൊന്നും ഇത്തരത്തിൽ ഒരു ജീവിതം ജീവിച്ചിരിക്കില്ല.

പഴങ്ങളെയും യാത്രകളെയും മാത്രം പ്രണയിച്ച ഒരു മനുഷ്യൻ. ചിലർക്ക് അയാൾ സഞ്ചാരി മുഹമ്മദാലി, ചിലർക്ക് പച്ചക്കറി മമ്മാലി, ചിലർക്ക് ഹിമാലയ മമ്മാലി, ചിലർക്ക് പഴം മുഹമ്മദാലി...

1985-ലെ പശ്ചിമഘട്ട രക്ഷായാത്രയിലെ മൂന്നു മാസം നീണ്ടു നിൽക്കുന്ന പദയാത്രയിലാണ് ഞങ്ങൾ പരിചയപ്പെടുന്നത് , അയാളുടെ ഭക്ഷണ രീതികൾ, യാത്രകൾ, ശാന്തത. അതൊക്കെ എന്നെ വല്ലാതെ ആകർഷിച്ചു ആ സൗഹൃദം വളർന്നു പിന്നീട് യാത്രകളുടെ ഒരു ഉത്സവമായിരുന്നു ഞങ്ങൾക്ക്. പശ്ചിമഘട്ട രക്ഷായാത്രകഴിഞ്ഞു തിരിച്ചെത്തി മുഹമ്മദാലിയെയും കൂട്ടി ഞാൻ നേരെ ലക്ഷദീപിലെ സുഹൃത്തുക്കളെ പരിചയപ്പെടുത്തുവനാണ് പോയത്. അതയാളുടെ ആദ്യത്തെ ലക്ഷദീപ്യാത്രയായിരുന്നു. അവിടെ അയാൾ കരിക്കിൻ വെള്ളവും തേങ്ങക്കൊത്തുകളും ഭക്ഷണമാക്കി ആഘോഷിച്ചു. പിന്നീട് പല തവണ അയാൾ ലക്ഷദീപിലേക്ക് കപ്പൽ കയറി. ഷോളയാർ കാടുകളും, അടിച്ചിൽതൊട്ടി, വാരിയം, തലവച്ചിപ്പാറ, ഇടമലക്കുടി, അരക്കാപ്പ്, മുളകു തറ എന്നീ ആദിവാസി കുടികളിലൊക്കെ ഞങ്ങൾ അലഞ്ഞു നടന്നു. അന്നു മൂന്നാറിൽനിന്നും മാട്ടുപ്പെട്ടി വരയേ വാഹന സൗകര്യമുള്ളൂ, അതും വല്ലപ്പോഴും. ഞങ്ങൾ അവിടെ ബസ്സിറങ്ങി ടോപ്പ്സ്റ്റേഷൻ, വട്ടവട, കോവിലൂർ, ചിലന്തിയാർ, വഴി മറയൂർക്കും തട്ടാൻപ്പാറ, കടവറി, വഴി കൊടൈകനാൽ ഗ്രാമങ്ങളിലേക്കും ഏർക്കാട്, ചേയ്ബംഗ്ലാവ് വഴി ബന്തറിലേക്കു നടന്നു .

അതിനിടയിൽ കാലടിയിൽ പെരിയാറിന്റെ തീരത്ത് ഒരു ചെറിയ വീടും കുറച്ച് സ്ഥലവും കുറച്ചുകാലത്തേക്ക് മുഹമദാലിക്ക് കിട്ടി. രണ്ട് വർഷത്തോളം ഞങ്ങൾ അവിടെ തങ്ങി. ആ വീടിന് ഞങ്ങൾ ആരണ്യക് എന്ന് പേര് വെച്ചു. അവിടെ പ്രത്യേകിച്ച് പണി ഒന്നു ഞങ്ങൾക്കില്ലായിരുന്നു പുലർച്ചെ നാലുമണിക്കുണരുക, പെരിയാറിൽ പോയി മുങ്ങി കുളിക്കുക, സൂര്യപ്രകാശം വീഴുന്നതുനോക്കി ഇരിക്കുക, നാട്ടിൻപുറങ്ങളിലൂടെ നടന്ന് ചെല്ലുക ചാക്കോച്ചന്റെ പറമ്പിൽ വിളയുന്ന നാടൻപഴങ്ങൾ വാങ്ങി മടങ്ങുക. പിന്നെ സ്വസ്ഥമായിരുന്ന് അവ തിന്നു തീർക്കുക, വായന, പാട്ടുപാടൽ,(പാട്ടു പാടുന്ന കുഞ്ഞുമോൻ ഇടക്കിടെ എത്തിച്ചേരും) സായാഹ്നങ്ങളിൽ സൂര്യാസ്തമയംകണ്ടു കൊണ്ട് നദിക്കരയിൽ ഇരിക്കുക, വേനലിൽ നദിയിൽ രൂപം കൊള്ളുന്ന തുരുത്തുകളിൽ രാത്രി കിടന്ന് ഉറങ്ങുക, ചിലപ്പോൾ മലയാറ്റൂർ മലയിലേക്കും, ഇല്ലിത്തോടിലെ മഹാ വൃക്ഷങ്ങൾക്കിടെയിലേക്കും ചെല്ലുക, ചിലപ്പോൾ ഞങ്ങളുടെ ബാഗുകളും എടുത്ത് ദീർഘയാത്രക്കിറങ്ങി പോവുക.....

അതിനിടയിൽ സൈക്കിളിൽ അഞ്ച് വർഷം ലോകം കറങ്ങി വന്നാലോ എന്ന ഒരു ആശയം ഞങ്ങളിൽ രൂപം കൊണ്ടു. അതിന്റെ കടലാസു പണികളുമായി ഞങ്ങൾ കുറേ അലഞ്ഞു. കൂട്ടിന് പോളും സബിരാജും, കുഞ്ഞിമോനും. പക്ഷേ പലവിധ തടസങ്ങൾ മൂലം ആ സൈക്കിൾ യാത്ര നടത്തുവാനായില്ല.

കാട്ടിൽ അയാൾക്ക് വഴിതെറ്റില്ല. കാണുന്നതൊക്കെ അയാളുടെ വഴികളാണ്. ഹിമാലയത്തോട് വല്ലാത്ത പ്രണയമായിരുന്നു. തപോവനസ്വാമികളുടെയും രാജൻ കാക്കനാടന്റെയും പുസ്തകങ്ങളും അയാൾക്ക് ഒരു പ്രചോദനമായിരുന്നു.

ഹിമാലയം യാത്രാപുസ്തകങ്ങളുടെപ്രവാഹമാണെങ്കിലും അത്തരത്തിൽ ഒരു പുസ്തകം പോലും ഇറങ്ങി കാണുന്നില്ല. മുഹമ്മദാലി തനിയെ അലയുകയായിരുന്നു. ഓരോയാത്രകളും ആറുമാസം വരെയൊക്കെ നീളുന്നവയും. അനുഭവങ്ങളുടെ കലവറകൾ ആയിരുന്നു. എത്രയോ പുസ്തകങ്ങളിലൂടെ അത് മറ്റുള്ളവർക്ക് പ്രയോജനമാക്കാമായിരുന്നു എങ്കിലും അയാൾ ഒരു വരി പോലും എഴുതിയില്ല.

പത്ത് വർഷം മുമ്പ് ഞാൻ മരുഭൂമിയിലേക്ക് ജോലി തേടി പോകേണ്ടി വന്നു. കൈവശം പ്രസിദ്ധമായ മരുയാത്രയെ കുറിച്ചുള്ള 'മക്കയിലേക്കുള്ളപാത' പുസ്തകവും. മരുഭൂമിയുടെ തീഷ്ണതയിൽ ഞാൻ മരു

(ശേഷം പേജ് 67 ൽ)

(പേജ് 2 ൽ നിന്ന് തുടർച്ച)

ഭൂമിയുടെ സൗന്ദര്യം തേടി. ആ യാത്രകളെ കുറിച്ച് മുഹമ്മദാലിക്ക് എഴുതിയപ്പോൾ അയാൾ അത്തരം യാത്രകൾ നടത്തുവാനുള്ള ഒരുക്കത്തിലായിരുന്നു. പക്ഷേ ഞങ്ങൾക്ക് അത്തരം യാത്രകൾ ചെയ്യുവാനായില്ല

ഞാൻ ഒരു ക്യാമറയും യാത്രാ സാമഗ്രികളുമായി വീട്ടിൽ തിരിച്ചെത്തി. പിന്നെ ഞങ്ങൾ ഒന്നിച്ച് ഹിമാലയത്തിലേക്കും. കൂടെ സഹീർ എന്ന സുഹൃത്തും തപോവനം വരെ അയാൾ യാത്ര നടത്തി. ഏകദേശം ഒരു മാസത്തോളം ആ യാത്ര നീണ്ടു നിന്നു. പിന്നെ ഞാനും സഹീറും തിരിയെ നാട്ടിലേക്കും മുഹമ്മദാലി അഞ്ചുമാസം കഴിഞ്ഞും തിരിച്ചെത്തി. അയാൾ ആൻഡമാൻ നിക്കോബാർ, ഒമാൻ, മാലിദ്വീപ് എന്നിവടങ്ങളിലൊക്കെ ചുറ്റിക്കറങ്ങി.

പിന്നെ ഞാൻ എന്റെ യാത്രകളൊക്കെ വന്യജീവികളുടെ പിറകെയാക്കി. അവയുടെ ചിത്രങ്ങൾ ഏറുകയും അവയെ നിലനിർത്തുന്ന പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുക, കുറിപ്പുകളെഴുതുക, അനുഭവങ്ങൾ പങ്കുവെക്കുക എന്നീ കാര്യങ്ങളിലേക്ക് മുഴുകി. ഇക്കാര്യങ്ങൾക്കായി ജീവിതത്തിൽ പല വിട്ടുവീഴ്ചകകൾക്കും തയ്യാറായി. എനിക്കിഷ്ടപ്പെടാത്ത ശീലങ്ങളുള്ളവരുമായി ഇക്കാര്യങ്ങളിൽ എനിക്ക് സഹകരിക്കേണ്ടിവന്നു. മുഹമ്മദാലിക്ക് ഇത്തരം യാത്രകളിൽ പങ്കെടുക്കുവാൻ പറ്റില്ലായിരിന്നു. അയാൾ അയാൾക്ക് അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു കാര്യങ്ങളിലും പങ്കെടുത്തില്ല. അയാൾ സ്വസ്ഥതയോടെ കഴിഞ്ഞു.

മസിനഗുഡിയിലെ മാർക്കിന്റെ 'ചീതൾ വാക്കിലെ' വിശേഷങ്ങൾ കേട്ട് മുഹമ്മദാലിക്ക് അങ്ങേട്ട് വന്ന തങ്ങുവാൻ ഏറെ താൽപര്യം ഉണ്ടായിരുന്നു. പക്ഷെ മാർക്കിന്റെ പുകവലിയും മദ്യപാനവും മുഹമ്മദാലിയ്ക്ക് സഹിക്കാനാവില്ല എന്ന് എനിക്കറിയാം. പക്ഷെ എനിക്ക് മാർക്ക് ഒരു മഹാഅറിവായിരുന്നു. കാടിനും വന്യജീവികൾക്കും വേണ്ടി മാത്രം ജീവിതം മാറ്റി വച്ച ഒരു മനുഷ്യൻ. അയാളുടെ മദ്യപാനവും പുകവലിയും എന്നെ തൊട്ടില്ല. അത്തരം മദ്യപിക്കുന്ന ഒരാൾ ഏറെക്കാലം എങ്ങനെയാണ് നിലനിൽക്കുന്നതെന്ന് എനിക്ക് അത്ഭുതമായിരുന്നു. പക്ഷെ അവിടത്തെ വന്യജീവികൾക്കും കാടിനും ആയാൾ ആവശ്യമായിരുന്നു. അതുകൊണ്ടായാൾ അവയ്ക്കായി നിലനിന്നു.

പിന്നെ അഞ്ചുവർഷത്തോളം ഒരുമിച്ചുള്ള യാത്രകൾ ചെയ്യാറായി ഞങ്ങൾ. ഞാൻ എന്റെ വനയാത്രകളുടെയും അവയുടെ നിലനിൽപിനായുള്ള തിരക്കിലും മുഹമ്മദാലി അയാളുടെ യാത്രകളുടെ ശാന്തതയിലും രമിച്ചു.

ഇതിനിടയിൽ മുഹമ്മദാലിയുടെ യാത്രകളുടെ എണ്ണം കുറഞ്ഞിരുന്നു. കഴിഞ്ഞ വർഷം അയാൾ ഒരു വീഴ്ചയിൽ കാലുകൾക്ക് പരിക്കേറ്റു വിശ്രമത്തിലാണെന്നറിഞ്ഞപ്പോൾ ഞാൻ കാണുവാൻ ചെന്നു. ഞാൻ നാലു വർഷം മുമ്പ് കണ്ട മുഹമ്മദലിയല്ലായിരുന്നു ആ രൂപം. തീരെ എനർജിയില്ലാത്ത ശരീരവും ചൈതന്യം വറ്റിയ മുഖവുമായിരുന്നു അയാൾക്കപ്പോൾ. പഴങ്ങൾ മാത്രമാണത്രെ ഭക്ഷണം. അതു ഒരു നേരം മാത്രം!

ഞങ്ങൾ അന്ന് ഒത്തിരി നേരം സംസാരിച്ചിരുന്നു. ഞാൻ പറഞ്ഞു: 'ഇപ്പോൾ കിട്ടുന്ന ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്തി എന്തെങ്കിലും ആ അനുഭവങ്ങളിൽ നിന്നും കുറിച്ചു വെക്കുക. കുഞ്ഞുകുട്ടികൾക്കെങ്കിലും പ്രയോജനം അതുമൂലം ഉണ്ടാകും' പക്ഷെ അയാൾക്കത് താല്പര്യമില്ലാത്ത വിഷയമായിരുന്നു. പക്ഷെ ഇത്തരത്തിലുള്ള മുഖംതിരിക്കലിനെതിരായിരുന്നു ഞാൻ. ചാലക്കുടി പുഴയിൽ ഡാം വരുന്നതിനെതിരായി പൊതുജനങ്ങളുടെ ചില കൂട്ടായ്മകളിലേക്കും ഞാൻ പല തവണ വിളിച്ചിട്ടും അയാൾ പങ്കെടുത്തിരുന്നില്ല.

എങ്കിലും ഞങ്ങൾ വീണ്ടും ഒരുമിച്ച് യാത്രകൾ പ്ലാൻ ചെയ്തു. ഇരവികുളമായിരുന്നു അയാളുടെ ആഗ്രഹം. കാലിന്റെ പരിക്കുകൾ മാറിക്കഴിഞ്ഞാൽ ഒരുമിച്ച് അങ്ങോട്ട് പോകാം എന്നും പറഞ്ഞും ഞാൻ പിരിഞ്ഞു.

കഴിഞ്ഞ ഡിസംബറിൽ എറണാകുളത്ത് പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് കേരളത്തിലെ ഏതാനും ചില ഫോട്ടോഗ്രാഫർമാരുടെ ഒരു ചിത്രപ്രദർശനം നടന്നിരുന്നു. അതിൽ എന്റെ കുറച്ച് ആനചിത്രങ്ങളും ഉണ്ടായിരുന്നു. അവിടെ മുഹമ്മദാലി എത്തി. എല്ലാ ചിത്രങ്ങളും കണ്ടിട്ട് അയാൾ പറഞ്ഞു. 'എറണാകുളത്തുകാർ ഭാഗ്യവാൻമാരാണ് കാട്ടിൽ പോകാതെ ഇവിടെ വന്ന് ഒക്കെ കാണാം!'

കുറച്ചു നേരം അവിടെ തങ്ങിയിട്ട് ഉടനെ പുതിയ യാത്രകൾ ചെയ്യുന്ന കാര്യം ഓർമ്മിപ്പിച്ച് അയാൾ പോയി. പിന്നെ കേൾക്കുന്നത് കഴിഞ്ഞയാഴ്ച ഒരു കാറപകടത്തിൽ മരിച്ചു എന്നാണ്. ജന്മനാട്ടിലെ പള്ളിയിൽ വെച്ച് ആ മുഖം ശാന്തതയോടെ കണ്ണുകളടച്ചു കിടക്കുന്നതും ഒരു നോക്കു മാത്രം കണ്ടു.

ഒരു പാടു യാത്രാമോഹങ്ങൾ ബാക്കിവെച്ചിട്ട് അയാൾ കടന്നുപോയി. എന്തോ പലപ്പോഴും റോഡു മുറിച്ചു കടക്കുമ്പോഴും മറ്റും ശ്രദ്ധിക്കാതിരുന്നത് എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. ഒടുവിൽ വായനയിലും ചിത്രങ്ങൾ കാണുന്നതിലും കാഴ്ചയുടെ ഒരു പ്രശ്നം അലട്ടുന്നതായി എനിക്ക് തോന്നി. ആ നോക്കുന്ന രീതി കണ്ടാൽ അതറിയാമായിരുന്നു.

പ്രകൃതിയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച് അയാൾ ഒത്തിരി അലഞ്ഞുതിരിഞ്ഞിട്ടുണ്ട്. പക്ഷെ ഒരു ചോദ്യം മനസ്സിൽ കിടക്കുന്നു. അവയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാമായിരുന്നിട്ടും ഒന്നും ചെയ്യാതെ കടന്നുപോയില്ലേ? എന്ന്.

യാത്രാമോഹങ്ങൾ അവസാനിക്കാത്ത ആ മനസ്സ് എനിക്കറിയാം. അതുകൊണ്ട് ഇപ്പോൾ മുഹമ്മദാലി ഏറെ ഇഷ്ടപ്പെട്ട ഹിമാലയ സാനുക്കളിലെവിടെയോ ശാന്തമായി നടന്നു പോകുന്നുണ്ടാകാം എന്നു വിശ്വസിക്കുവാനാണ് എനിക്കിഷ്ടം. മുതുകിൽ നീല ബാഗുമായി അൽപം ആടിയുള്ള ആ നടന്നുപോക്ക് ഇപ്പോഴും കാണാം...●

## കേരളീയം അറിയിപ്പ്

സ്ഥലപരിമിതിമൂലം ചില സ്ഥിരം പംക്തികളും കഴിഞ്ഞ ലക്കം തുടർച്ചകളും ചേർക്കാനായിട്ടില്ല.

കൂരുമല പാറപൊട്ടിക്കൽ, വളന്തക്കാട് കണ്ടൽകയ്യേറ്റം, വടുതല-ചേരാനല്ലൂർ കുടിയൊഴിപ്പിക്കലിനെതിരെയുള്ള സമരം, ഏലൂർ-എടയാർ മലിനീകരണ പ്രശ്നം, എ.ഡി.ബി. തുടർച്ചകൾ, അതിരപ്പള്ളി-പ്ലാച്ചിമട വാർത്തകൾ, വനഭൂമി, ആദിവാസി ഭൂപ്രശ്നം എന്നിവ അടുത്ത ലക്കങ്ങളിൽ പ്രതീക്ഷിക്കുക.

പത്രാധിപർ